(സി) മന്ത്രിസഭാ ഉപസമിതി ഭൂചനലക്കെടുതികൾ കൂടുതലുണ്ടായ കോട്ടയം ജില്ലയിൽ 12-1-2001-ൽ സന്ദർശനം നടത്തുകയുണ്ടായി. നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ആവശ്യമെങ്കിൽ ഇളവുകൾ വരുത്തി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. എന്നാൽ ചില ജില്ലകളിൽ ഭൂചലനം തുടരുന്നതിനാൽ നാശനഷ്ടങ്ങൾ കൂടാൻ സാദ്ധ്യതയുണ്ട്. കോട്ടയം ജില്ലയിൽ ഭൂചലനസമയത്ത് ഹൃദ്രോഗംമൂലം മരിച്ച വാസുവിന്റെ ആശ്രിതർക്ക് 30,000 രൂപ നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(ഇ) ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്. ആവശ്യമായ നടപടി ഉടൻ കൈക്കൊള്ളുന്നതാണ്.

ഭൂമികുലുക്കംമൂലം കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ

82 (1642) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികുലുക്കംമൂലം എത്ര വീടുകൾക്കും മറ്റു കെട്ടിടങ്ങൾക്കും പൂർണ്ണമായ നാശം സംഭവിച്ചിട്ടുണ്ട് ;

(ബി) എത്ര എണ്ണം ഭാഗികമായി നശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഭൂമികുലുക്കംമൂലം വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും പൂർണ്ണമായ നാശം സംഭവിച്ചിട്ടില്ല.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വിവിധ പെൻഷനുകൾ നൽകുന്നതിനുള്ള പ്രതിവർഷ ചിലവ്

83 (1643) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുൻപ് അന്നത്തെ ഭരണാധികാരികൾ അനുവദിച്ച ഏതെല്ലാം വിധത്തിലുള്ള പെൻഷനുകൾ ഇപ്പോഴും നൽകിവരുന്നുണ്ട് ;

(ബി) എത്ര പേർക്ക് ഈ പെൻഷൻ കൊടുത്തുവരുന്നുണ്ട് ;

(സി) പ്രതിവർഷം ഇതിലേയ്ക്കായി എന്തു തുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ മാലിഖാന പെൻഷനും കോട്ടയം ജില്ലയിൽ കുടുംബരാഷ്ട്രീയ പെൻഷനും എറണാകുളം ജില്ലയിൽ ഉത്രാടം പെയ്മെന്റും കോഴിക്കോട് ജില്ലയിൽ സാമൂതിരി കുടുംബത്തിൽപ്പെട്ടവർക്കുള്ള പെൻഷനും ഇപ്പോൾ നൽകിവരുന്നുണ്ട്.

(ബി) പെൻഷൻ നൽകിവരുന്നവരുടെ വിവരം താഴെകൊടുക്കുന്നു.

ആലപ്പുഴ ജില്ല	- 505
കോട്ടയം ജില്ല	- 154
എറണാകുളം ജില്ല	- 8
കോഴിക്കോട് ജില്ല	- 150

(സി) ഇതിനുവേണ്ടിവരുന്ന തുക താഴെ കാണിച്ചിരിക്കുന്നു.

ആലപ്പുഴ ജില്ല	- 18,18000 രൂപ
കോട്ടയം ജില്ല	- 55,440 രൂപ
എറണാകുളം ജില്ല	- 112 രൂപ
കോഴിക്കോട് ജില്ല	- 2,00,000 രൂപ

ക്ഷേത്രങ്ങൾക്ക് ആനുവിറ്റി നൽകുന്നതിനുള്ള നടപടി

84 (1644) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണ നിയമപ്രകാരം എത്ര ക്ഷേത്രങ്ങൾക്കു ആനുവിറ്റി കൊടുക്കേണ്ടതുണ്ട് ;

(ബി) ആകെ എന്തു തുകയാണ് ഈയിനത്തിൽ പ്രതിവർഷം കൊടുക്കേണ്ടതായി വരുന്നത് ;

(സി) ആനുവിറ്റി ഇനത്തിൽ എന്തു കുടിശ്ശിക നൽകാനുണ്ട് ;

(ഡി) വർദ്ധിച്ചുവരുന്ന ചെലവുകളുടെ അടിസ്ഥാനത്തിൽ ഈ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് പറയാമോ ?

ഉത്തരം

(എ) ഭൂപരിഷ്ക്കരണ നിയമത്തിലെ 65-ാം വകുപ്പു പ്രകാരം 3547 മത-ധർമ്മ-വിദ്യാഭ്യാസ സ്ഥാപനങ്ങളെ വർഷാശനം ലഭിക്കുന്നതിന് പൊതുസ്വഭാവം ഉള്ളവയായി പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly